**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2991** **13-10-2021 - ൽ മറുപടിയ്ക്ക്**

**സ്മാരകങ്ങളുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ, ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, ഡോ സുജിത് വിജയൻപിള്ള, ശ്രീ. കെ. പ്രേംകുമാർ** | | **Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സാംസ്കാരിക വകുപ്പിന്റെ ധനസഹായത്തോടെ നിർമ്മാണം ആരംഭിച്ച സ്മാരകങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) | പരിശോധന നടത്തുന്നതിനുള്ള സംവിധാനം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സ്മാരകങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഉദ്ഘാടന സജ്ജമായിട്ടില്ല. |
| (സി) | സാംസ്കാരിക വകുപ്പ് സാമ്പത്തിക സഹായം അനുവദിച്ചതും നിർമ്മാണം നടന്നുവരുന്നതുമായ സ്മാരകങ്ങളുടെ പേരുവിവരം നൽകാമോ; ഇവ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | സാംസ്കാരിക വകുപ്പ് സാമ്പത്തിക സഹായം അനുവദിച്ചതും നിർമ്മാണം നടന്നുവരുന്നതുമായ സ്മാരകങ്ങളുടെ പേരുവിവരങ്ങൾ താഴെ പറയും പ്രകാരമാണ്. 1. മലയിൻകീഴ് മാധവ കവി സംസ്കൃതി കേന്ദ്രം, തിരുവനന്തപുരം 2. ഒളപ്പമണ്ണ സ്മാരകം, പാലക്കാട് 3. ചാവറ കുരിയാക്കോസ് ഏലിയാസ് അച്ചൻ സ്മാരകം, എറണാംകുളം 4. പി.സ്മാരക സാംസ്കാരിക കേന്ദ്രം, പാലക്കാട് 5. കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ സ്മാരകം, എറണാംകുളം 6. കെ.പി.പി. നമ്പ്യാർ സ്മാരകം, കണ്ണൂർ 7. പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ, ആലപ്പുഴ 8. ഇടശ്ശേരി സ്മാരകം, മലപ്പുറം സാംസ്കാരിക ഡയറക്ടർ മുഖേന മേൽ സൂചിപ്പിച്ച സ്മാരകങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും അവ പ്രവർത്തന സജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ